<u>മി. സ്പീക്കർ</u> : 2015 - ലെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീമതി ജമീലാ പ്രകാശം ഒരു ക്രമപ്രശ്നം നൽകിയിട്ടുണ്ട്. അവിടുത്തെ പ്രോ-വൈസ് ചാൻസലർ നൽകിയ ഒരു പ്രസ്താവന സംബന്ധിച്ചാണ് ക്രമപ്രശ്നം. ആ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത് മുൻ രാഷ്ട്രപതിയുടെ പേര് ആ സർവ്വകലാശാലക്ക് നൽകുമെന്ന് പ്രോ-വൈസ് ചാൻസലർ പരസ്യപ്രസ്താവന നടത്തി എന്നുള്ളതാണ് ക്രമപ്രശ്നത്തിലൂടെ വന്നിരിക്കുന്നത്. നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരിക്കലും അത്തരത്തിൽ പ്രോ-വൈസ് ചാൻസലർ ഒരു പരസ്യപ്രസ്താവന നടത്താൻ പാടില്ലായിരുന്നു. അത് തീരുമാനിക്കേണ്ടത് ഈ സഭയാണ്. സഭയുടെ പരിഗണനയിലുള്ള ഒരു ബില്ലിന്റെ പേര് മാറ്റുമെന്ന് പത്രമാധ്യമംവഴി പ്രോവൈസ് ചാൻസലർ നടത്തിയിട്ടുള്ള പ്രസ്താവന ക്രമവിരുദ്ധമാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇത്തരത്തിലുള്ള പ്രസ്താവന ഉദ്യോഗസ്ഥന്മാർ നടത്തുന്നത് ആശാസ്യമല്ല. ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് ചെയർ റൂൾ നൽകുന്നു.